സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

June 2025
Vol. 1 Issue 4 pages 31-37

പാലൈ
PALAI பாலை
ISSN No: 3049-0316

# പ്രവാസത്തിന്റെ പരിണാമഭൂതങ്ങൾ

ഡോ. അനീഷ് പോൾ*



**സംഗ്രഹം**

മലയാളത്തിൽ പ്രവാസസാഹിത്യം ഒരു സവിശേഷശാഖയായി വികസിക്കുന്നതിന് മുമ്പ് ആധുനിക എഴുത്തുകാരിൽ പലരും പ്രവാസജീവിതത്തെ നേരിട്ടും സാന്ദർഭികമായും രചനാവിഷയമാക്കിയിട്ടുണ്ട്. ആഭ്യന്തരപ്രവാസത്തിന്റെയും ഇരപ്രവാസത്തിന്റെയും ചരിത്രഭൂമികയിൽ നിന്നുകൊണ്ട് നഗരവാസികളുടെ ജീവിതസംഘർഷങ്ങൾ ദാർശനികബുദ്ധിയോടെ അവതരിപ്പിച്ച നോവലിസ്റ്റാണ് ആനന്ദ്. പ്രവാസത്തെ സവിശേഷമായ ഒരു സ്ഥലരാശിയിലൊതുക്കാതെ കാലാതീതമായി വിലയിരുത്താനും ആനന്ദ് ശ്രമിച്ചിട്ടുണ്ട്. സമകാലഘട്ടത്തിൽ പ്രവാസത്തെ 'അധിവാസം' എന്ന സങ്കൽപ്പനത്തിലാണ് ആനന്ദ് അടയാളപ്പെടുത്തുന്നത്.

**താക്കോൽ വാക്കുകൾ:** ആഭ്യന്തരപ്രവാസം - ഇരപ്രവാസം - അധിവാസം

## ആമുഖം

ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളെ ദാർശനികബുദ്ധിയോടെ അന്വേഷിക്കുകയും ചോദ്യം ചെയ്യുകയും ചെയ്യുന്ന എഴുത്തുകാരനാണ് ആനന്ദ്. ഈ ചരിത്രാന്വേഷണത്തിൽ പ്രവാസം, കുടിയേറ്റം, അഭയാർത്ഥിത്വം എന്നീ വിഷയങ്ങൾ നേരിട്ടും അല്ലാതെയും കടന്നുവരുന്നുണ്ട്. കുടിയേറ്റം, പ്രവാസം എന്നീ വിഷയങ്ങൾ മലയാളസാഹിത്യത്തിൽ കൂടുതലായി കടന്നുവരാൻ തുടങ്ങിയത് 1950-നു ശേഷമാണ്. എന്നാൽ അത് പ്രവാസസാഹിത്യം എന്ന ഒരു സവിശേഷശാഖയായി രൂപം കൊള്ളുന്നത് ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കംമുതലാണെന്ന് പി.കെ. രാജശേഖരൻ (എ.എസ്. പ്രതീഷ് 2019:XXV) വിലയിരുത്തിയിട്ടുണ്ട്. 1960 കളിൽ തന്റെ രചനാജീവിതം ആരംഭിക്കുന്ന ആനന്ദിന്റെ നോവലുകളിലും ആഭ്യന്തരപ്രവാസം പലവിധത്തിൽ കടന്നുവരുന്നുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ ആദ്യകാല നോവലുകളിൽ ഇത് മുഖ്യപ്രമേയമാകുന്നില്ല. രണ്ടായിരത്തിനുശേഷം വന്ന അപഹരിക്കപ്പെട്ട ദൈവങ്ങൾ, പരിണാമത്തിന്റെ ഭൂതങ്ങൾ എന്നീ നോവലുകളിൽ ചരിത്രാന്വേഷണത്തോടൊപ്പം പ്രവാസവും മുഖ്യവിഷയമായി തീർന്നിട്ടുണ്ട്. ആനന്ദിന്റെ നോവലുകളിലെ പ്രവാസചിന്തയെ അന്വേഷണവിധേയമാക്കാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്.

---

* അസിസ്റ്റന്റ് പ്രൊഫസർ, ഭാരതമാതാ കോളേജ്, തൃക്കാക്കര. Ph: 9605555238, anishacst@gmail.com

 ISSN No: 3049-0316


## 1. ആഭ്യന്തരപ്രവാസവും സ്വത്വനഷ്ടവും

ബോംബെ നഗരത്തിന്റെ പശ്ചാത്തലത്തിൽ ആനന്ദ് എഴുതിയ ആദ്യനോവലായ ആൾക്കൂട്ടം മലയാളികൾക്ക് അത്ര പരിചിതമല്ലാത്ത നഗരക്കാഴ്ചകളും അനുഭവങ്ങളും നിറഞ്ഞുനിൽക്കുന്നതാണ്. നഗരത്തിൽ ജീവിക്കാൻ വിധിക്കപ്പെടുന്ന ഒരുപറ്റം ആളുകളുടെ സ്വത്വസംഘർഷം ഈ നോവലിലെ പ്രധാനപ്രമേയമാണ്. ഉപജീവനമാർഗ്ഗം തേടി ബോംബെയിലെത്തുന്നവരുടെ ചിത്രം അവതരിപ്പിച്ചുകൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. "എന്നും തീവണ്ടികൾ എത്രയോപേരെ ബോംബെ നഗരത്തിൽ കൊണ്ടിറക്കുന്നു. ദൂരെ നാട്ടിൻപുറങ്ങളിലോ നദിതീരങ്ങളിലോ തരിശുഭൂമികളിലോ ജനിച്ചുവളർന്ന മനുഷ്യർ ഈ നഗരത്തിലേക്ക് ഇരുളുരെ ആകർഷിക്കപ്പെടുന്നു... ഈ യക്ഷിയുടെ പിടിയിൽപെട്ടവർ തേടിവന്നതെല്ലാം മറക്കുന്നു" (ആനന്ദ് 2008:7). ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ നിന്നും വരുന്നവർ ബോംബെ നഗരത്തിൽ ലയിച്ചുചേരുന്നതോടെ ആഭ്യന്തരപ്രവാസികളായി മാറുന്നു. അതോടെ അവർ തങ്ങളുടെ ദേശത്തിന്റെയും ഗ്രാമത്തിന്റെയും ഓർമ്മകളെ തന്നെ വിസ്മരിക്കാൻ വിധിക്കപ്പെട്ടവരാകുന്നു. പ്രവാസസാഹിത്യത്തിൽ മിക്കവാറും ഗൃഹാതുരമായ ഓർമ്മകൾ അവശേഷിക്കാറുണ്ട്. എന്നാൽ അതുപോലും കാത്തുസൂക്ഷിക്കാനാവാതെ നഗരം അവരെ അപഹരിച്ചെടുത്ത് ആൾക്കൂട്ടശരീരമാക്കി മാറ്റുന്നതിന്റെ അധികാരതന്ത്രമാണ് ഈ നോവൽ ആവിഷ്കരിക്കുന്നത്. "അവർ നഗരത്തോട് ചേർന്നില്ലാതായി. പേരും മേൽ വിലാസവും മാച്ച്, മുഖമില്ലാത്ത ആൾക്കൂട്ടം അവരെ അതിന്റെ വലയത്തിലും ലയത്തിലും അടക്കി" (2008:8). എന്നാൽ പ്രവാസജീവിതത്തിനിടയിൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി ചിന്തിക്കുന്നവരുടെ ഒരു കൂട്ടത്തെ നാം ഈ നോവലിൽ കാണുന്നുണ്ട്. ജോസഫ്, സുനിൽ, പ്രേം, സുന്ദർ, രാധ, ലളിത ഇവരെല്ലാം അതിൽ പെടുന്നവരാണ്. ഈ ആഭ്യന്തരപ്രവാസത്തിനിടയിലും തങ്ങളുടെ സ്വത്വത്തെ പിടിച്ചുനിർത്താൻ അവർ കഠിനമായി പരിശ്രമിക്കുന്നുണ്ട്. എന്നാൽ സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ദേശീയനേതൃത്വം സൃഷ്ടിച്ച അധികാരവ്യവസ്ഥയ്ക്കുള്ളിൽ തങ്ങൾ പ്രവാസികളാണെന്ന ചിന്തപോലും നഷ്ടപ്പെടുന്ന അവരും ക്രമേണ ആൾക്കൂട്ടശരീരമായി പരിണമിക്കുന്നു. പ്രവാസം ഇരയാക്കുന്ന ഒരുപറ്റം ജനതയുടെ കഥകൂടിയായി ആൾക്കൂട്ടത്തെ നമുക്ക് വായിക്കാനാവും.

## 2. ഇരപ്രവാസത്തിന്റെ (victim diaspora) ചരിത്രപരത

പ്രവാസത്തിന് മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ടെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. 'ജൂതജനതയുമായി ബന്ധപ്പെട്ടാണ് ഇത്തരമൊരു പദംതന്നെ പ്രയോഗിക്കപ്പെട്ടു തുടങ്ങിയത്. പ്രാചീന ജൂതജനതയുടെ മരുഭൂമിയിലൂടെയുള്ള പ്രവാസജീവിതത്തെ ഇരപ്രവാസം എന്ന വിളിക്കാവുന്ന ഒരു അവസ്ഥയായിട്ടാണ്' പ്രവാസപഠിതാക്കൾ വിലയിരുത്തിയിട്ടുള്ളത് (എ.എസ്. പ്രതീഷ് 2019:XXV). ആനന്ദിന്റെ അഭയാർത്ഥികൾ എന്ന നോവൽ ഇരപ്രവാസത്തിന്റെ ചരിത്രാന്വേഷണം കൂടിയാണ്. ഇന്ത്യയിലെ മൂന്ന് നഗരസംസ്കാരങ്ങളുടെ ചരിത്രം അന്വേഷണവിധേയമാക്കുന്ന അഭയാർത്ഥികളിൽ സൈന്ധവനാഗരികത മുതൽ തുടങ്ങുന്ന ഇരപ്രവാസത്തിന്റെ ചരിത്രം രേഖീയമാകുന്നുണ്ട്.

1971-ൽ പൂർവ്വപാക്കിസ്ഥാനിൽ നിന്നുമുള്ള അഭയാർത്ഥിപ്രവാഹത്തിന്റെ ചരിത്രമാണ് ഈ നോവലിന്റെ പശ്ചാത്തലം. എന്നാൽ ഇന്നോളമുള്ള അഭയാർത്ഥിപ്രവാഹത്തിന്റെയും ഇരപ്രവാസത്തിന്റെയും കൂടി ചരിത്രം നോവലിസ്റ്റ് സാന്ദർഭികമായി ഇതിൽ അനാവരണം ചെയ്യുന്നുണ്ട്. ഗൗതമനും, സുമനും, മഹേഷും, ഹരിദാസും, ഭൂപതിയും പ്രാചീന-മധ്യ-ആധുനികഘട്ടങ്ങളിലെ വിവിധ സംസ്കാരങ്ങളെയും രാഷ്ട്രീയവ്യവസ്ഥകളെയും സംബന്ധിച്ച് നടത്തുന്ന വിശദമായ ചർച്ചകളിലൂടെയാണ് നോവൽ മുന്നേറുന്നത്. വിവിധ സംസ്കാരങ്ങൾ തകരുന്നതോടെ സൃഷ്ടിക്കപ്പെടുന്ന അഭയാർത്ഥിത്വത്തിന്റെയും പ്രവാസത്തിന്റെയും കാഴ്ചകൾ ഈ നോവലിൽ നിറഞ്ഞു നിൽക്കുന്നു. ഹാരപ്പൻ നഗരങ്ങളെ കീഴടക്കിയ ആര്യന്മാരുടെ മാർഗ്ഗങ്ങൾ ചൂഷണത്തിന്റെയും പീഡനത്തിന്റേതുമായിരുന്നു. തദ്ദേശവാസികൾക്ക് സ്വന്തം ദേശം വിപ്രവാസത്തിന്റെയും ഇരയാക്കപ്പെടലിന്റെയും ഇടമായി തീർന്നതിനെക്കുറിച്ച് ഗൗതമൻ പറയുന്നത് ഇപ്രകാരമാണ് "ഏതോ വിദൂരതയിലെ വാസസ്ഥാനങ്ങൾ ഉപേക്ഷിച്ച് മലയും ചുരവും കടന്നെത്തി, നഗരങ്ങളെ നശിപ്പിച്ചും കാടുകളെ കത്തിച്ചും സമതലങ്ങളിൽ വാഴ്ചയാരംഭിച്ച യാഗോപാസകർ അതിന്റെ തീരത്തുകൂടി അലഞ്ഞു. അവർ കീഴടക്കിയ ദാസന്മാർ

അവരുടെ കൂടെയുണ്ട്. പഴയ നഗരവാസികൾക്ക് എന്നപോലെ പുതിയ യാഗോപാസകർക്കു വേണ്ടിയും അവർ ഗംഗാസമതലത്തിൽ വിളവിറക്കുന്നു. ഗോതമ്പും ബാർളിയും വിളയിക്കുന്നു" (ആനന്ദ് 2011:10-11). തദ്ദേശിയർ ഇരപ്രവാസികളാവുകയും അക്രമികൾ ആ ദേശം സ്വന്തമാക്കുകയും ചെയ്യുന്ന ചരിത്രപ്രതിസന്ധിയാണിത്.

ഗോത്രസംവിധാനത്തെ തകർത്തുകൊണ്ട് രാഷ്ട്രങ്ങൾ ഉദയംകൊള്ളുന്ന കാലഘട്ടത്തെയാണ് രണ്ടാം നഗരസംസ്കാരമെന്ന് ആനന്ദ് വിളിക്കുന്നത്. ഈ കാലഘട്ടത്തിൽ യുദ്ധത്തടവുകാരായി പിടിക്കപ്പെട്ട ഗോത്രജനതയും ദസ്യുക്കളും സർക്കാരിന്റെ കൃഷിത്തോട്ടങ്ങളിലും ലോഹഖനികളിലും പണിയെടുത്തു. ഇരപ്രവാസികളാകുന്നവർക്ക് പിന്നീട് ഒരിക്കലും അതിൽനിന്ന് മോചനമുണ്ടായിരുന്നില്ല. രണ്ടാം നഗരസംസ്കാരത്തിൽ പിറവികൊണ്ട അർത്ഥശാസ്ത്രനീതിയുടെ പിൻബലത്തോടെ നടപ്പാക്കിയ ദണ്ഡനിയമങ്ങൾ രാജാവിനും കോശസമ്പാദനത്തിനും അമിതപ്രാധാന്യം കല്പിച്ചു. വ്യക്തികളിൽ നിന്നും രാജ്യത്തിന് എന്തു ലഭിക്കും എന്ന പ്രയോജനത്തിന്റെ പേരിലാണ്, തിരിച്ചല്ല, പ്രവാസികൾ വിലയിരുത്തപ്പെട്ടത്. രണ്ടാം നഗരസംസ്കാരത്തിൽ രാജാക്കന്മാരുടെ സൈന്യങ്ങൾ ഏറ്റുമുട്ടുമ്പോൾ യുദ്ധത്തിന്റെ ഭീകരതയെക്കുറിച്ച് യാതൊന്നുമറിയാതെ പണിയെടുക്കുന്ന ഇരപ്രവാസികളെക്കുറിച്ച് നോവലിൽ വിവരിക്കുന്നുണ്ട്. "അർത്ഥശാസ്ത്രകാലത്തെ രാജാക്കന്മാർ തമ്മിൽ പൊരുതിയപ്പോഴൊക്കെ ഓരോ പോരിനും തോറ്റവരുടെ സൈന്യം അങ്ങനെതന്നെ ജീവിച്ചവരുടെ ഭൂമിയിൽ കൃഷിചെയ്യാനും ഖനികകളിൽ പണിചെയ്യാനുമായി അടിമകളാക്കി കൊണ്ടുപോകപ്പെട്ടു" (2011:62). ഇരപ്രവാസികൾക്ക് ഉടമസ്ഥൻ മാറി എന്നല്ലാതെ മറ്റൊന്നും സംഭവിച്ചില്ല.

## 3. അധിവാസികളുടെ നഗരഭൂമിക

അഭയാർത്ഥികൾ എന്ന നോവലിൽ ഇരപ്രവാസത്തിന്റെ ചരിത്രപരതയാണ് ആനന്ദ് അന്വേഷിക്കുന്നതെങ്കിൽ അപഹരിക്കപ്പെട്ട ദൈവങ്ങളിൽ ഓരോ നഗരവാസിയും പ്രവാസിയായി മാറുന്നതിന്റെ സമകാലികചരിത്രമാണ് മുഖ്യപ്രമേയമായി വരുന്നത്. സമകാലിക നഗരങ്ങളിൽ ഓരോരുത്തരും കുടിയിറക്കപ്പെടുന്നവരോ അഭയാർത്ഥികളോ നാടോടികളോ ആയിത്തീരുന്ന പ്രവാസവസ്ഥയാണുള്ളത്. നഗരങ്ങളിൽ സ്ഥിരവാസികൾ എന്ന വ്യവസ്ഥ മാറിയതായി ആനന്ദ് കണ്ടെത്തുന്നു. പ്രവാസികളുടെ പുതിയ അവസ്ഥാന്തരത്തെ 'അധിവാസി' എന്ന വാക്കുകൊണ്ടാണ് ആനന്ദ് അടയാളപ്പെടുത്തുന്നത്.

ഗണേശന്റെയും നസീമയുടെ മകനായ അമനെ ഒരുനാൾ കാണാതാവുന്നു. കുറേ ദിവസങ്ങൾക്കു ശേഷം അവൻ വീട്ടിൽ തിരിച്ചെത്തിയെങ്കിലും വൈകാതെ ഒരു വണ്ടിയപകടത്തിൽ മരിക്കുന്നു. അമന്റെ ജീവിതത്തിനും മരണത്തിനും ഇടയിലുള്ള ആ നാളുകളെ ഒരുതരം പ്രവാസമായിട്ടാണ് നോവലിസ്റ്റ് കാണുന്നത്. സമകാലത്തിൽ ഓരോ നഗരവാസിയും പല കാരണങ്ങളാൽ അമനെപ്പോലെ പ്രവാസം അനുഭവിക്കുന്നുവെന്ന് നോവൽ വ്യക്തമാകുന്നു. അമന്റെ മരണശേഷം ഗണേശനും നസീമയും ഈ പ്രവാസത്വരയെ ഏറ്റെടുക്കുന്നു. അതോടെ അവർ വീട്ടിലെ സ്ഥിരവാസികൾ അല്ലാതാകുന്നു. നഗരസഭയിലെ അഡ്മിനിസ്ട്രേഷൻ ഓഫീസിലെ ജോലി രാജിവെച്ച് ഗണേശൻ അഭയാർത്ഥികളും പ്രവാസികളും നാടോടികളുമായ അധിവാസികളുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലുന്നു. നസീമ തന്റെ ജീവിതത്തിന് ചില സീമകൾ വരച്ച് വിശ്വാസമാർഗത്തിലേക്ക് തിരിയുന്നു. അഭയാർത്ഥികളും നാടോടികളും വന്നടിഞ്ഞിരിക്കുന്ന നഗരങ്ങളിൽ വളർന്നുവരുന്ന പുതിയ പ്രവാസപ്രവണതകളെ ഗണേശൻ തിരിച്ചറിയുന്നു. അവന്റെ നഗരചിന്തകൾ വികസിക്കുന്നത് അമന്റെ മുറിയിൽനിന്നും കണ്ടെടുത്ത ചില കവിതകളിലൂടെയാണ്. നഗരത്തിലെ ഭൂരിപക്ഷവും ചൂഷിതരാണെന്ന് ഗണേശൻ മനസിലാക്കുന്നു. കലാപകാരികൾ, കൊള്ളസംഘങ്ങൾ, ഭീകരവാദികൾ ഇവരെക്കൊണ്ട് നഗരം നിറഞ്ഞിരിക്കുന്നു. ഇത്തരം സംഘങ്ങൾക്ക് തങ്ങളുടെ ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള ശരീരം മാത്രമായി നഗരവാസികൾ എണ്ണപ്പെടുന്നു.

### 3.1 നഗരവാസികളും അധിവാസികളും

നഗരങ്ങൾ പ്രവാസികളെ സൃഷ്ടിക്കുന്നതിന്റെ ചരിത്രം ഗണേശന്റെയും നസീമയുടെയും അമന്റെയും സംഭാഷണത്തിലൂടെയാണ് ഈ നോവലിൽ അനാവരണം ചെയ്യുന്നത്. മനുഷ്യന്റെ

 ISSN No: 3049-0316 

മതാത്മക സ്വഭാവത്തിൽ നിന്നും നഗരങ്ങൾ രൂപപ്പെടുന്നതിന്റെ ചരിത്രം ഗണേശൻ വിവരിക്കുന്നത് ഇപ്രകാരമാണ്: "പണ്ടുകാലത്ത് ഓരോ നഗരത്തിനും ഓരോ നഗരദേവതയുണ്ടായിരുന്നു... ദേവതകളുടെ ആരാധനാലയങ്ങളെ ചുറ്റിപ്പറ്റിയാണ് നഗരങ്ങൾ ഉണ്ടായതും വളർന്നതും. നഗരദേവതയെ നഗരവാസികൾ ആരാധിച്ചു. ദേവത നഗരത്തെ സംരക്ഷിക്കുമെന്ന് അവർ വിശ്വസിച്ചു. പിന്നീട് നഗരങ്ങൾ വളർന്നപ്പോൾ ദേവതകൾ വിസ്മരിക്കപ്പെട്ടു. ചുറ്റുമുണ്ടായ വലിയ കെട്ടിടങ്ങളുടെയും അഴുക്കുചാലുകളുടെയും ചേരികളുടെയും ഇടയിൽ, എത്തിപ്പെടുവാനോ കാണുവാനോ തന്നെയോ സാധിക്കാത്ത വിധത്തിൽ, മുങ്ങിപ്പോയി നഗരദേവതയുടെ കൊച്ച് അമ്പലങ്ങൾ" (ആനന്ദ് 2010:46). നഗരങ്ങൾ വളർച്ചയുടെ ഒരുഘട്ടം പിന്നിട്ടപ്പോൾ ആരാധനാലയങ്ങളെ മാത്രം കേന്ദ്രീകരിക്കാതെ കച്ചവടത്തിലേക്കും വ്യാപാരത്തിലേക്കും വികസിക്കാൻ തുടങ്ങിയെന്ന ചുരുക്കം.

ആരാധനാലയങ്ങളിൽ എത്തുന്നവരെയും അതിനു സമീപത്ത് താമസിക്കുന്നവരെയും കേന്ദ്രീകരിച്ച് ആരംഭിച്ച കച്ചവടങ്ങളും വ്യവസായങ്ങളും വളരെ വേഗം വളർച്ച പ്രാപിക്കുന്നതോടെ നഗരം പ്രധാനമാവുകയും ദേവതാസ്ഥാനം അപ്രധാനമാവുകയും ചെയ്യുന്നു. ഈ മാറ്റത്തെക്കുറിച്ച് നസീമയുടെ അഭിപ്രായം ഇപ്രകാരമാണ്: "വളർച്ച എന്ന ആശയം - അതിനെയും നമുക്ക് ഒരു ദേവത എന്ന് വിശേഷിപ്പിക്കാം - ആവേശിച്ചു കഴിഞ്ഞാൽ നഗരം സംരക്ഷണത്തിന്റെ ദേവതയെ വിട്ട്, ആ പുതിയ ദേവതയുടെ പിന്നാലെ പോകുന്നു. പിന്തുടരുംതോറും, എട്ടുദിക്കിലേക്കും അകന്നകന്നു പോകുന്ന അതിന്റെ മായികക്ഷേത്രങ്ങളെ തേടി" (ആനന്ദ് 2010:46). ഇങ്ങനെ നഗരങ്ങൾ വളർന്നു വികസിക്കുമ്പോൾ അവിടേക്ക് പ്രവാസികൾ എത്തിച്ചേരുന്നു. ഇത് ആഭ്യന്തരപ്രവാസത്തിന്റെ ഒന്നാം ഘട്ടമാണ്.

ആൾക്കൂട്ടത്തിലെ ബോംബെനഗരത്തിൽ നിന്നും വ്യത്യസ്തമായ ഒരു നഗരവളർച്ചയാണ് അപഹരിക്കപ്പെട്ട ദൈവങ്ങളിൽ എത്തുമ്പോൾ നാം കാണുന്നത്. നഗരങ്ങളിൽ സ്ഥിരവാസികൾ തന്നെ ഇല്ലാതാകുന്ന വിധത്തിലുള്ള വലിയ മാറ്റമാണ് നവകാലഘട്ടത്തിൽ സംഭവിച്ചിരിക്കുന്നത്. നഗരത്തിന് സംഭവിക്കുന്ന ഈ വലിയ മാറ്റത്തെപ്പറ്റി സംഭാഷണത്തിനിടയിൽ അമൻ വിവരിക്കുന്നുണ്ട്. "നഗരവാസി എന്ന സ്ഥായിയായ ഒരു പ്രതിഭാസം ഒരു നഗരത്തിലും ഇല്ല. ഉണ്ടെങ്കിലും അവനെക്കാൾ കൂടുതലായി ഒരു നഗരം സ്വന്തമായിരിക്കുന്നത് അസ്ഥായിയായ അധിവാസിക്കാണ്. ഇന്നത്തെ അധിവാസി നാളത്തെ നഗരവാസി ആയേക്കാം. പക്ഷേ അധിവാസം അവസാനമില്ലാത്ത പ്രക്രിയയാണ്. നഗരജനതയുടെ സ്വത്വം നിരന്തരം പരിണമിച്ചുകൊണ്ടിരിക്കുന്ന ഒന്നും. അങ്ങനെ പരിണമിക്കാൻ ഹേതുവായിരിക്കുകൊണ്ട് ഓരോ നഗരവും മൗലികമായും അധിവാസിയുടേതാണ്" (2010:47). അപഹരിക്കപ്പെട്ട ദൈവങ്ങളിൽ എത്തുമ്പോൾ പ്രവാസം എന്ന വാക്കിന് പകരമായി ആനന്ദ് ഉപയോഗിക്കുന്ന പദം അധിവാസം എന്നതാണ്. ആൾക്കൂട്ടം എന്ന നോവലിൽ പ്രവാസിയുടെ ജീവിതം അനുനിമിഷം സംഘർഷങ്ങൾ പേറുന്നതാണെങ്കിലും അവന് തൽക്കാലത്തേക്കെങ്കിലും നിലനിന്നുപോകാൻ ഒരു ഇടം നഗരം പ്രദാനം ചെയ്യുന്നുണ്ട്. എന്നാൽ അതുപോലും ഇല്ലാതാകുന്ന ഒരു അവസ്ഥയാണ് അധിവാസം. ഈ അധിവാസം സൃഷ്ടിക്കുന്നവർ പ്രവാസികളെപോലെ തൊഴിൽ തേടിയെത്തുന്നവരല്ല. അവകാശങ്ങൾ നിഷേധിക്കപ്പെട്ട് പലയിടത്തുനിന്നും പുറന്തള്ളപ്പെട്ടവരാണ്. "ഇപ്പോൾ വരുന്നവർ അധികവും സംഘർഷങ്ങളും കലാപങ്ങളും ആഭ്യന്തരയുദ്ധങ്ങളും മൂലം അവരുടെ പ്രദേശത്തുനിന്ന് പുറന്തള്ളപ്പെട്ടവരാണ്. സവിശേഷമായ ഒരു ഉദ്ദേശ്യവും വെച്ചല്ല, വെറും അഭയം തേടിയാണ് അവർ വരുന്നത്. ഭാവിയുടെ സ്വപ്നങ്ങൾക്ക് പകരം ഇന്നലെയുടെ വേദനകളും വിദ്വേഷങ്ങളും പേറിയാണ് അവരുടെ വരവ്. അവർ ഈ നഗരത്തിൽ ഒരിക്കലും പങ്കാളികളാകുന്നില്ല. അവരുടെ നഗരങ്ങളാകട്ടെ അവരെ തിരസ്കരിക്കുകയും ചെയ്തിരിക്കുന്നു. ഉള്ളിൽ കൊണ്ടുവന്ന സംഘർഷത്തിന്റെയും കലാപത്തിന്റെയും അക്രമത്തിന്റെയും വിത്തുകളാണ് അവർ വിതയ്ക്കുക" (2010:47-48). അതിനാൽ നഗരങ്ങൾ സ്ഥിരവാസം സാധ്യമല്ലാത്ത അധിവാസം എന്ന ഒരു അവസ്ഥയിലേക്ക് എത്തിയിരിക്കുന്നു. ഒരുതരത്തിൽ ഈ അധിവാസം പ്രവാസം പോലെ തോന്നാമെങ്കിലും അതിന് ഒട്ടും ദൈർഘ്യമില്ല. ഇതിനു കാരണം അധിവാസികളായി എത്തുന്നവരുടെ ആക്രമണസ്വഭാവമാണ്. അധിവാസികൾ അവരുടെ പൂർവ്വദേശത്തിന്റെ ഐഡന്റിറ്റി സ്ഥാപിക്കാനാണ് അക്രമണമഴിച്ചുവിടുന്നത്. എന്നാൽ അവർ ആഗ്രഹിക്കുന്ന തരത്തിൽ ഐഡന്റിറ്റി ഉറപ്പിക്കാൻ അവർക്ക് സാധ്യമാകുന്നില്ല. "ഐഡന്റിറ്റി ഉറപ്പിക്കാനുള്ള സംഘർഷങ്ങളും സമരങ്ങളുമാണ് വൻതോതിലുള്ള സ്ഥാനഭ്രംശങ്ങൾക്ക് ഇടവയ്ക്കുന്നത്. അങ്ങനെ അവ സ്വയം വേരുകളില്ലാത്തതും

ISSN No: 3049-0316


ഐഡന്റിറ്റി നഷ്ടപ്പെട്ടവരുമായ വൻ ജനക്കൂട്ടത്തെ സൃഷ്ടിക്കുന്നു" (2010:152). ഈ പരിണാമ പ്രക്രിയയിൽ സ്ഥിരവാസികളും പ്രവാസികളും അധിവാസികളായി മാറുന്നു.

അധിവാസികളുടെ പല ദൃശ്യങ്ങളും ഈ നോവലിൽ തെളിഞ്ഞു വരുന്നുണ്ട്. ഗണേശനും സുഹൃത്തുക്കളായ ഋഷിയും കവാസ്ജിയും അന്വേഷിക്കുന്നത് അധിവാസികളുടെ കൂട്ടങ്ങളെയാണ്. നഗരത്തിലെത്തി അധിവാസികളായിത്തീരുന്ന ഷംഷേറും മൻസൂറും ലക്ഷ്യങ്ങൾ പ്രാപിക്കുന്നതിനിടയിൽ കൊല്ലപ്പെടുന്നു. കവാസ്ജിയുടെയും ഗണേശന്റെയും അന്വേഷണം ചെന്നെത്തുന്ന മറ്റൊരിടമാണ് ചില സന്നദ്ധസംഘടനകൾ ചേർന്ന് നടത്തുന്ന അനാഥാലയം. അവിടെനിന്ന് രക്ഷപ്പെടുന്ന കുട്ടികൾ നഗരത്തിലെത്തുമ്പോൾ അധിവാസികളായിത്തീരുന്നു. അതിലൊരാളായ ഷുക്കൂറിനെ ഗണേശൻ ഢാബായിൽ വച്ച് കണ്ടെത്തുന്നു. ഷുക്കൂറും അവന്റെ സഹോദരൻ ഇംതിയാസും വടക്കൻ മേഖലയിൽ നിന്ന് പലായനം ചെയ്ത് എത്തിയവരാണ്. അവരുടെ നാട്ടിലെ ഗുജറുകൾ പലവട്ടം അവരെ ബന്ദികളാക്കിയിട്ടുണ്ട്. അവരിൽ നിന്നും രക്ഷപ്പെട്ട് നഗരത്തിലെത്തിയ ഇവർ അധിവാസികളായിത്തീരുന്നു. കൂടുതൽ പ്രതീക്ഷകളുമായി നഗരത്തിൽ എത്തുന്ന അവർ മറ്റ് അധിവാസികളാൽ പീഡിതരാകുന്നു. നഗരത്തിൽ വസിക്കുന്ന അധിവാസികളിൽ ഒന്നായ വിമോചനസേന ഇംതിയാസിനെയും അവന്റെ സുഹൃത്തിനെയും ബന്ദികളാക്കുന്നു. വിമോചനസേനയുടെ വ്യവസ്ഥകൾ സാധിച്ചു കിട്ടാനാണ് ഇംതിയാസിനെയും സുഹൃത്തിനെയും തട്ടിക്കൊണ്ടുപോകുന്നത്.

### 3.2 പ്രവാസത്തിനും അധിവാസത്തിനുമിടയിൽ

നഗരത്തിൽ പ്രവേശിക്കാതെ മൈതാനത്തിൽ ഇടം പിടിക്കുന്ന സംഘങ്ങളെയും ഈ നോവലിൽ ചിത്രീകരിക്കുന്നുണ്ട്. അവർ അധിവാസത്തിനു മുമ്പുള്ള പ്രവാസാവസ്ഥയിൽ കഴിയുന്നവരാണ്. നഗരങ്ങളിൽ പ്രവേശിക്കാത്ത ഇവരെക്കുറിച്ച് നോവലിൽ വിവരിക്കുന്നത് ഇപ്രകാരമാണ്: "വെള്ളപ്പൊക്കങ്ങളോ കലാപങ്ങളോ നീണ്ടുനിൽക്കുന്ന വംശീയ സംഘർഷങ്ങളോ മൂലം ശരണാർത്ഥികളായി എത്തുന്നവർക്ക് ദുരിതാശ്വാസം എത്തിക്കേണ്ട ആവശ്യം വരുമ്പോൾ ഗവൺമെന്റ് ക്യാമ്പുകൾ ഉയർത്തുവാൻ ഉപയോഗിക്കുന്ന മൈതാനമായിരുന്നു അത്. ഈ വക പ്രശ്നങ്ങൾ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ ഔദ്യോഗികമായ റിലീഫ് ക്യാമ്പുകൾ ഉയർത്തപ്പെട്ടില്ലെങ്കിലും മൈതാനത്ത് എപ്പോഴും ആരെങ്കിലും ഉണ്ടാകുമെന്ന അവസ്ഥ വന്നു" (2010:77). അധിവാസികളെപ്പോലെയോ കലാപകാരികളെപ്പോലെയോ പെട്ടെന്ന് ഇല്ലാതാകുന്നവരല്ല ഇവർ. വിവിധ ഇടങ്ങളിൽ നിന്നും പലായനം ചെയ്ത് എത്തിയ ഇവർ നഗരം സൃഷ്ടിക്കുന്ന അധിവാസത്തിലേക്ക് കടക്കാതെ സ്വപ്നങ്ങൾ ഉള്ളിൽപേറി കഴിയുന്നവരാണ്. ഢാബയിൽ വച്ച് കാണുന്ന മാലിക്ക് ഇവരെക്കുറിച്ച് ഗണേശനോട് പറയുന്നു: "കിഴക്കുനിന്ന് വന്നവരാണ്... പടിഞ്ഞാട്ട് ഇനി അധികം പോകാവാനുമില്ല. അവർക്കു തന്നെ അറിയില്ല അവർ ഏതു ദിശയിലാണ് പോകുന്നതെന്ന്. സ്ഥലവും സമയവും എല്ലാം അവസാനിക്കുന്ന ഒരിടമാണിത്. അവരുടെ കയ്യിൽ ആകെയുള്ളത് അവർ എവിടെനിന്നു വന്നുവോ അതിന്റെ അടയാളങ്ങളായ ചില പാട്ടുകളും സംഗീതോപകരണങ്ങളും മാത്രം. ഒരു വിധത്തിൽ പറഞ്ഞാൽ അവരുടെ ഭൂതം. ആശയാണ് ദൈവമെങ്കിൽ അവർക്ക് അവരുടെ ദൈവങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു" (2010:98). ഈ മൈതാനവാസികളാണ് പ്രവാസത്തിനും അധിവാസത്തിനും ഇടയിലുള്ളവർ.

## 4. ചേരികളും പ്രവാസത്തിന്റെ സമാന്തരചരിത്രവും

സ്വാതന്ത്ര്യാനന്തരഇന്ത്യയിൽ രൂപംകൊണ്ട നഗരവളർച്ചയുടെ ചരിത്രം ആനന്ദിന്റെ നോവലുകളിൽ പരാമർശവിഷയമാണ്. നെഹ്റുവിന്റെ വികസനനയങ്ങളെ ദേശീയമുതലാളിത്തം അട്ടിമറിക്കുന്നന്നതിന്റെ വിശകലനങ്ങൾ ആനന്ദിന്റെ കൃതികളിൽ ആവർത്തിക്കപ്പെടുന്നുണ്ട്. ദേശീയമുതലാളിത്തത്തിന് അനുഗുണമായ ഒരു ഭൗതിക പുരോഗതിയാണ് നഗരവികസന നയങ്ങളിൽ അവർ കൈകൊണ്ടത്. നഗരങ്ങളുടെ വളർച്ചയിൽ ആകർഷിക്കപ്പെട്ട് ഗ്രാമങ്ങളിൽനിന്നും നഗരങ്ങളിൽ എത്തിയവരുടെ ചരിത്രമാണ് പരിണാമത്തിന്റെ ഭൂതങ്ങൾ എന്ന നോവലിൽ ആനന്ദ് അന്വേഷിക്കുന്നത്. മുഖ്യധാരാചരിത്രത്തിൽ ഇടം കിട്ടാതെ ചേരികളിൽ അടിഞ്ഞുകൂടിയ പ്രവാസികളുടെയും അവരുടെ പിന്തുടർച്ചക്കാരുടെയും സമാന്തരചരിത്രമായി ഇത് മാറുന്നു.

ആൾക്കൂട്ടം എന്ന നോവലിന്റെ പശ്ചാത്തലമായ ബോംബെ നഗരത്തിൽ നാല്പത്തിനാല് വർഷങ്ങൾക്ക്ശേഷം വീണ്ടും നോവലിസ്റ്റ് എത്തിച്ചേരുന്നു. മുംബൈയ് ആയി പരിണമിച്ച ബോംബെയിൽ തന്റെ പഴയ സുഹൃത്തിന്റെ മകനായ വിരാടിന്റെ അടുക്കലാണ് അദ്ദേഹം എത്തിച്ചേരുന്നത്. പരസ്യനിർമ്മാതാവായ വിരാടിനോടൊപ്പം മുംബൈയിലെ ഒരു ലൊക്കേഷനിൽ ഷൂട്ടിങ്ങിനായി നോവലിസ്റ്റും പോകുന്നു. ലക്ഷക്കണക്കിന് തൊഴിലാളികൾ നീണ്ട വർഷം പണിയെടുത്തിരുന്ന, ഇന്ന് ഉപേക്ഷിക്കപ്പെട്ടനിലയിലുള്ള മുകേഷ് കോട്ടൻ മില്ലിന്റെ ഒരു അവശിഷ്ടഭാഗത്താണ് ഷൂട്ടിംഗ്. ഈ മില്ല് കാണുമ്പോൾ ബോംബെയുടെ പഴയകാല ചരിത്രത്തിന്റെ ഭൂതം നോവലിസ്റ്റിൽ ആവേശിക്കുന്നു. ബോംബെയുടെ ഇരുനൂറ് വർഷത്തെ ചരിത്രം അന്വേഷിക്കുന്നതോടൊപ്പം ചേരികളിൽ പ്രവാസികളായി കഴിഞ്ഞവരുടെ സമാന്തര ചരിത്രംകൂടി നോവലിസ്റ്റ് പുറത്തുകൊണ്ടുവരുന്നു. നഗരങ്ങൾ വികസിക്കുമ്പോൾ അതിന്റെ ചരിത്രം മാത്രം രേഖീയമാവുകയും നഗരങ്ങളുടെ വളർച്ചയ്ക്ക് പിന്നിൽ വിയർപ്പൊഴുക്കിയ പ്രവാസികളുടെ ചരിത്രം അദൃശ്യമാവുകയും ചെയ്യുന്നതിന്റെ ചരിത്രപ്രതിസന്ധിയാണ് ഈ നോവൽ തുറന്നിടുന്നത്.

കൊളോണിയൽ കാലഘട്ടത്തിൽ തന്നെ നഗരങ്ങൾ രൂപപ്പെടുന്നതിന്റെ ചരിത്രം നോവലിസ്റ്റ് അവതരിപ്പിക്കുന്നുണ്ട്. തന്ത്രപ്രധാനമായ സ്ഥലങ്ങളിലായിരുന്നു നഗരങ്ങൾ വികസിച്ചത്. അതിൽ ഒന്നായിരുന്നു മുംബാദേവിയുടെ സ്ഥലമായിരുന്ന ബോംബെ. ബോംബെ നഗരം രൂപപ്പെട്ടതിന്റെ ചരിത്രം നോവലിസ്റ്റ് വിവരിക്കുന്നത് ഇപ്രകാരമാണ്: "വെട്ടിപ്പിടുത്ത കാലത്തിന്റേതായ ഭീതികളെ പിന്നിലാക്കി വ്യവസായ ജ്വരത്തിലെത്തിയ കോളനിസ്റ്റുകൾ, ലാൻഡ്ലോർഡുകളായി വടക്കു ബസാർഗേറ്റും പടിഞ്ഞാറു ചർച്ചുഗേറ്റും തെക്ക് അപ്പോളോ ഗേറ്റും മാത്രം അവശേഷിപ്പിച്ച്, കൊളാബയുടെ വടക്ക്, അരമൈൽ നീളത്തിലും അതിലും കുറവ് വീതിയിലും ഒതുങ്ങിയിരുന്ന ബോംബെ കോട്ടയെ മതിലുകളെല്ലാം പൊളിച്ചുകളഞ്ഞ് സ്വതന്ത്രമാക്കിയിരിക്കുന്നു. ദ്വീപുകൾക്കിടയിലെ ചതുപ്പുകളൊക്കെ നിരത്തി നിർമ്മാണപ്രക്രിയ പുരോഗമിക്കവേ, കോട്ടയുടെ സ്ഥാനത്ത് വിശാലമായ ഒരു വ്യവസായനഗരം രൂപമെടുക്കുകയുണ്ടായി". (ആനന്ദ് 2007:8). കൊളോണിയൽക്കാലത്തെ ഈ വ്യാവസായിക വളർച്ചയുടെ ഫലമായി നഗരത്തിനു ചുറ്റും നിരവധി ചേരികളും രൂപപ്പെട്ടു. വെറുമൊരു കോട്ടനഗരം മാത്രമായിരുന്ന ബോംബെ അങ്ങനെ ഒരു വ്യാവസായികനഗരമായിത്തീർന്നു. നഗരവളർച്ചയോടൊപ്പം പ്രവാസികളുടെയും ചരിത്രം ഇതോടെ ആരംഭിക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ട് മുതൽതന്നെ മിൽത്തൊഴിലാളികളും കൽപ്പണിക്കാരും തുറമുഖത്തൊഴിലാളികളും നിർമ്മാതാക്കളും അടങ്ങുന്ന വലിയൊരു സംഘം നഗരത്തിൽ അടിഞ്ഞുകൂടി. ഇന്ത്യയുടെ വിവിധ ഗ്രാമങ്ങളിൽ നിന്നും അവിടെ എത്തുന്നവർ പ്രവാസികളായി മാറുകയും ചേരികളിൽ താമസമുറപ്പിക്കുകയും ചെയ്തു. ഈ പ്രവാസികളുടെ ചരിത്രം ഒരിക്കലും ചരിത്രത്തിൽ രേഖീയമായിട്ടില്ല. എന്നാൽ ഏതൊരു നഗരത്തിന്റെ വളർച്ചയ്ക്കു പിന്നിലും പ്രവാസികളുടെ ചരിത്രം സമാന്തരമായി നിലനിൽക്കുന്നുവെന്നാണ് ആനന്ദ് കണ്ടെത്തുന്നത്. നഗരപരിണാമത്തിന്റെ ഭൂതങ്ങളായി ഇന്നും ഓരോ നഗരത്തിലും അതവശേഷിക്കുകയും ചെയ്യുന്നുണ്ട്. ആ ഭൂതങ്ങൾ ഒരു കാലഘട്ടത്തിൽ ദൃശ്യചരിത്രങ്ങളായി പുറത്തു വരാം. അതിനുള്ള ശ്രമമാണ് നോവലിസ്റ്റും നടത്തുന്നത്.

ബോംബെയിലെ മില്ലുകളുടെ ചരിത്രം അന്വേഷിച്ചുകൊണ്ടാണ് ചേരിനിവാസികളുടെ പ്രവാസചരിത്രം സമാന്തരമായി പുനഃസൃഷ്ടിക്കാൻ നോവലിസ്റ്റ് ശ്രമിക്കുന്നത്. നഗരവളർച്ചയുടെ രണ്ടാം ഘട്ടത്തിൽ ബോംബെ സ്പിന്നിംഗ് ആൻഡ് വീവിങ്ങ് കമ്പനികളിൽ പലതും ജീജീഭായിമാരും സാസൂൺമാരും മാർവാഡികളും ഏറ്റെടുക്കുന്നു. അതോടെ മിൽത്തൊഴിലാളികൾ ബോംബെ ജീവിതത്തിലെ ഒരു പ്രധാനഘടകമാവുന്നു. നഗരവളർച്ചയുടെ ഒന്നാംഘട്ടത്തിൽ മില്ലുകളുടെ എണ്ണം പരിമിതമായിരുന്നു. എന്നാൽ രണ്ടാംഘട്ടത്തിൽ ബോംബെയിലെ ഓരോ പതിനാറാമനും ഒരു മിൽത്തൊഴിലാളിയായി മാറി. കൊങ്കണിൽ നിന്നും മറാഠയിൽ നിന്നും കൂലിക്കാരായി തൊഴിലാളികൾ നിരന്തരം നഗരത്തിലേക്ക് എത്തി. അതിനാൽ നഗരത്തിന് ചുറ്റും ചേരികളും സമാന്തരമായി വളർന്നുകൊണ്ടിരുന്നു. 'ദിവസത്തിൽ പകുതിയിൽ കൂടുതൽ സമയം മില്ലുകൾക്കകത്ത് ചിലവഴിക്കുകയും ചൂടും ഈർപ്പവും ശുദ്ധവായുവും

കുറഞ്ഞ സ്ഥലങ്ങളിൽ ജോലിയെടുത്ത് ചെറുപ്പത്തിൽ തന്നെ ക്ഷയരോഗത്തിനും മറ്റും അടിമപ്പെട്ടു മരണമടയുന്നവരുടെയും' (2007:46-47) നേർചിത്രങ്ങൾ നോവലിലുണ്ട്. പ്രവാസികൾക്ക് നീതി ലഭിക്കാതെ നഗരം മാത്രം വളർന്നുകൊണ്ടിരുന്നു.

ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ഫലമായി ബോംബെയുടെ മില്ലുകൾക്ക് സംഭവിച്ച ദുരന്തത്തിന്റെ കഥയാണ് നഗരവളർച്ചയുടെ മൂന്നാം ഘട്ടത്തിൽ നോവലിസ്റ്റ് ആഖ്യാനം ചെയ്യുന്നത്. തൊണ്ണൂറുകളിൽ ആധുനിക ടെക്നോളജിയും പോളിസ്റ്റർ വിപ്ലവവും ബോംബെയിൽ കടന്നുവന്നതോടെ കോട്ടൻ മില്ലുകൾക്ക് പിടിച്ചുനിൽപ്പില്ലാതായി. സ്വകാര്യവൽക്കരണത്തെ നേരിടുവാൻ പല തൊഴിലാളിസംഘടനകളും സമരമാരംഭിച്ചെങ്കിലും അതിന്റെ നേതാക്കളെയെല്ലാം കൊന്നൊടുക്കുകയോ സംഘടനകളിൽ മതവിദ്വേഷം കുത്തിനിറച്ച് അതിനെ തകർക്കുകയോ ചെയ്തു. കോളനീകരണം മുതൽ ഉദാരവൽക്കരണംവരെ നീളുന്ന ബോംബെയുടെ ചരിത്രത്തിൽ പ്രവാസികൾക്ക് ഒരിക്കലും നീതി കിട്ടാത്തതിന്റെ ചരിത്രമാണ് ആനന്ദ് വിവരിക്കുന്നത്. ബോംബെയിലെ നഗരവളർച്ചയുടെ അവശേഷിപ്പുകളായി നിലകൊള്ളുന്ന പ്രവാസികളുടെ പിന്തുടർച്ചക്കാരായ ചേരിനിവാസികളെക്കുറിച്ച് ആനന്ദ് പരാമർശിക്കുന്നുണ്ട്. "ഇന്ന് മുംബൈയിൽ മില്ലുകളില്ല. മിൽത്തൊഴിലാളികളുമില്ല. അവരുടെ യൂണിയനുകളുമില്ല. നഗരപരിണാമത്തിൽ വംശനാശം വന്ന അവയുടെയെല്ലാം ഓർമ്മകളുമായി അവർക്ക് ഒരുകാലത്ത് ജൈവികനിലനില്പ് പ്രദാനം ചെയ്ത ചേരികൾ, ഒരുവശത്ത് മാലിന്യത്തോടും രോഗങ്ങളോടും പൊരുതിയും മറുവശത്ത് ഹിംസയിൽ നിന്ന് വളം നേടിയും സർവ്വത്ര തുടരുകയും വളരുകയും ചെയ്യുന്നു" (2007:59). ബോംബെയിൽ ജോലി തേടിയെത്തിയ പ്രവാസികളിൽ ഒരു ന്യൂനപക്ഷം ഇതിനെ അതിജീവിച്ചിരിക്കാം. എന്നാൽ വിവിധ നഗരങ്ങളിൽ നിന്നുമെത്തിയവർ പ്രവാസികളായി മാറിയവർ ചേരികളിൽ അടിഞ്ഞുകൂടി. അവർ ബോംബെയിലെ പ്രവാസജീവിതത്തിന്റെ അദൃശ്യചരിത്രം വഹിക്കുന്നവരായി ഇന്നും നിലകൊള്ളുന്നു.

## സഹായകഗ്രന്ഥങ്ങൾ

ആനന്ദ്, ആൾക്കൂട്ടം, ഡി.സി ബുക്സ്, കോട്ടയം, 2008.

ആനന്ദ്, അഭയാർത്ഥികൾ, ഡി.സി ബുക്സ്, കോട്ടയം, 2011.

ആനന്ദ്, അപഹരിക്കപ്പെട്ട ദൈവങ്ങൾ, ഡി.സി ബുക്സ്, കോട്ടയം, 2010.

ആനന്ദ്, പരിണാമത്തിന്റെ ഭൂതങ്ങൾ, ഡി.സി ബുക്സ്, കോട്ടയം, 2007.

അഗസ്റ്റിൻ, കെ. ജോസഫ്, ആധുനികത മലയാളനോവലിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997.

പ്രതീഷ്, എ.എസ്., (സമ്പാദനം-പഠനം), പ്രവാസസാഹിത്യം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019.

രാജേഷ്,ആർ., (സമ്പാദനം-പഠനം), പ്രവാസം അനുഭവവും ആഖ്യാനവും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019.